മുകുന്ദപുരം താലൂക്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ നടപടി

100 [108] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുകുന്ദപുരം താലൂക്കിൽ 27 പഞ്ചായത്തുകൾക്ക് ഒരു സ്പെഷ്യൽ ഓഫീസർ മാത്രമുള്ളതിനാൽ പഞ്ചായത്ത് രേണം കഴിഞ്ഞ കുറെ കാലമായി സ്തംഭനാവസ്ഥയിലായതിനാൽ ഈ താലൂക്കിൽ ഒരു ബ്ലോക്കിന് ഒരു സ്പെഷ്യൽ ഓഫീസർ എന്ന ക്രമത്തിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാരണത്താൽ പഞ്ചായത്തുകളിൽ രേണസ്തംഭനം ഉണ്ടായിട്ടില്ല. അതിനാൽ കൂടുതൽ സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

കുവൈറ്റികളുടെ കേരള സന്ദർശനത്തിൽ പ്രതിഷേധിച്ച് പിക്കറ്റിംഗ് നടത്തിയവരുടെമേൽ കൊല്ലത്തു നടത്തിയ ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ: കേന്ദ്ര ഗവൺമെന്റ് അനുമതർ എന്ന് പ്രഖ്യാപിച്ച രണ്ടു കുവൈറ്റ് പൗരൻമാരെ പേയിംഗ് ഗസ്റ്റായി സംസ്ഥാന ഗവൺമെന്റ് ആദരിച്ച നടപടിയിൽ പ്രതിഷേധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ ജൂൺ 19-ാം തീയതി സംസ്ഥാന വ്യാപകമായി നടത്തിയ പിക്കറ്റിംഗിന്റെ ഭാഗമായി കൊല്ലം കളക്ടറേറ്റിൽ പിക്കറ്റ് ചെയ്യാനെത്തിയ പ്രവർത്തകരുടെ മേൽ യാതൊരു പ്രകോപനവും കൂടാതെ പോലീസ് നടത്തിയ ക്രൂരമായ ലാത്തിച്ചാർജ്ജിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബേബി ജോൺ, ഇ.കെ. നായനാർ, കെ. പി. പ്രഭാകരൻ, എ.സി. ഷൺമുഖദാസ്, കെ. കൃഷ്ണൻകുട്ടി, കെ. ആർ. ചന്ദ്രമോഹനൻ, ശ്രീമതി ഗൗരി തങ്കപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 5 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ:) സർ, ഈ മാസം 19-ാം തീയതി ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ ആഭിമുഖ്യത്തിൽ നടന്ന കളക്ടറേറ്റ് പിക്കറ്റിംഗിൽ ഒരു ജില്ല ഒഴിച്ച് മറ്റ് എല്ലാ ജില്ലകളിലും അനിഷ്ട സംഭവങ്ങൾ ഒന്നും കൂടാതെ അവസാനിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, കൊല്ലം ജില്ലയിൽ മാത്രമാണ് അനിഷ്ട സംഭവങ്ങൾ ഉണ്ടായത്. ആ സംഭവത്തിൽ ഗവൺമെന്റിനു് വേദനയുണ്ട്. അതിൽ വിശേഷിച്ച്, കാരണമെന്തോ ആകട്ടെ, ഈ സമയത്തെ മുന്നംഗങ്ങൾക്ക് പരിക്കേൽക്കാൻ ഇടയായി എന്നുള്ളതിൽ വേദനയുണ്ട്. ഞാൻ ആത്മാർത്ഥമായി പറയുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly